AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 41/2019 10.03.2019

## സൂര്യതാപം- കർഷകരും കർഷകത്തൊഴിലാളികളും ജാഗ്രത പാലിക്കണമെന്ന് കൃഷിവകുപ്പ് .

സൂര്യതാപം ,സൂര്യാഘാതം എന്നിവ രൂക്ഷമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകരും കർഷകത്തൊഴിലാളികളും അതീവ ജാഗ്രത പുലർത്തണമെന്ന് കൃഷിവകുപ്പ് അധികൃതർ അഭിപ്രായപ്പെട്ടു . രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ടു വെയിലേൽക്കുന്ന കൃഷിപ്പണികൾ ഒഴിവാക്കേണ്ടതാണ് . ശരീരത്തിൽ പൊള്ളലേറ്റ് ചുവന്ന പാടുകളോ അസ്വഭാവിക ലക്ഷണങ്ങളോ പുറത്തിറങ്ങുമ്പോൾ പ്രകടമാകുകയാണെങ്കിൽ ഒട്ടും താമസിയാതെ വൈദ്യ സഹായം ലഭ്യമാക്കേണ്ടതാണ് .

കഴിയുന്നതും സിന്തറ്റിക് വസ്ത്രങ്ങൾ ഒഴിവാക്കി അയഞ്ഞ മറ്റു വസ്ത്രങ്ങൾ ധരിച്ചു മാത്രമേ പുറത്തിറങ്ങുവാൻ പാടുള്ളൂ . നേരിട്ട് സൂര്യരസ്മികൾ ശരീരത്തിൽ പഠിക്കാത്ത തരത്തിൽ വസ്ത്രധാരണം നടത്തേണ്ടതാണ് . കുടിക്കാനായി തിളപ്പിച്ചാറ്റിയ തണുത്ത ജലം ഉപയോഗിക്കാവുന്നതാണ് . നിർജലീകരണം ഒഴിവാക്കാനായി ഇടയ്ക്കിടയ്ക്ക് വെള്ളം കുടിക്കേണ്ടതുമാണ് .

പച്ചക്കറികളും പഴങ്ങളും ധാരാളമായി ആഹാരത്തിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം . മാർച്ച് ഏപ്രിൽ മാസങ്ങളിൽ ഈ പ്രതിഭാസം തുടരുവാനും താപനില ഇനിയും ഉയരുവാനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പു ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ ആഹാരം , ദിനചര്യ , വസ്ത്രധാരണം എന്നിവയിൽ വേണ്ട മാറ്റങ്ങൾ വരുത്തി ജാഗരൂക രായിരിക്കണമെന്നും കൃഷിവകുപ്പ് അറിയിച്ചു .

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email:**fibtvm@gmail.com
**Telephone:** 0471 2317314